# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2679 — 14.12.2015-ൽ മറുപടിക്ക്

### എഴുമറ്റൂർ കുടിവെള്ള വിതരണ പദ്ധതി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം : | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ. എഴുമറ്റൂർ കുടിവെള്ള വിതരണ പദ്ധതിക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; | എ. എഴുമറ്റൂർ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ പ്രവൃത്തികൾക്കായി 591 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി. എന്തൊക്കെ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി യിട്ടുള്ളത്; വിശദമാക്കുമോ ; | ബി. പ്രസ്തുത പ്രവൃത്തിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. 2.50 എം.എൽ.ഡി ജലശുദ്ധീകരണ ശാല<br>2. 200 എം.എം DI K9റോവാട്ടർ പമ്പിംഗ് മെയിൻ - 5500 മീറ്റർ ദൈർഘ്യം.<br>3. 100 എം.എം ഡി 1 ഗ്രാവിറ്റി മെയിൻ - 6050 മീറ്റർ ദൈർഘ്യം.<br>4. 3 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണി (കാരമല). |
| സി. പ്രസ്തുത പദ്ധതിയുടെ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | സി. 200 എം.എം DI K9 റോവാട്ടർ പമ്പിംഗ് മെയിന്റെ പണി പൂർത്തിയായി. 100 എം.എം ഡി1 ഗ്രാവിറ്റി മെയിന്റെ പണി ഭാഗികമായി പൂർത്തിയായി. ജലശുദ്ധീകരണശാലയുടെ നിർമ്മാണം 2 പ്രാവശ്യം ടെണ്ടർ ചെയ്തു. കരാറുകാർ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയതിനാൽ ടെണ്ടർ റദ്ദ് |

ചെയ്യുകയും ജലശുദ്ധീകരണ ശാലയ്ക്കു പകരം ജലം ശുദ്ധീകരിക്കുന്നതിന് മറ്റു മാർഗ്ഗങ്ങൾ പരിശോധിച്ച് വീണ്ടും ടെണ്ടർ ചെയ്യാൻ വാട്ടർ അതോറിറ്റി ഉത്തരവാകുകയും ചെയ്തു. അതനുസരിച്ച് പ്രഷർ ഫിൽട്ടർ, **സെഡി**മെന്റേഷൻ ടാങ്ക് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ (എസ്.ആർ) ന് നിർ ദ്ദേശം നൽകുന്നതിന് 23.11.2015-ലെ കേരള വാട്ടർ അതോറിറ്റി ഹൈലെവൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി. | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണത്തിനായി എത്ര രൂപയുടെ പ്രൊപ്പോസലാണ് സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റിയിൽ സമർപ്പിച്ചിട്ടുള്ളത്; ഇതിന് അനുമതി നൽകാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | ഡി. | എഴുമറ്റൂർ ശുദ്ധജല വിതരണ പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികൾക്കായി 1780 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭിച്ചെങ്കിലും ഒന്നാം ഘട്ടത്തിൽ ഉൾ പ്പെട്ട ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി 2015 എസ്.എൽ.എസ്. എസ്.സി.യിലേയ്ക്ക് പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ